**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **01-02-2024 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനായി 4(1) നോട്ടിഫിക്കേഷൻ 15.10.2020-ലും 11(1) നോട്ടീഫിക്കേഷൻ 23/09/2021-ലും ഗസറ്റിൽ പരസ്യപെടുത്തിയിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 18 മാസം കൂടി (22.03.2024 വരെ) ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ് . |
| (ബി) | കോട്ടയം ജില്ലാ കളക്ടർ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് 24/02/2023 തീയതിയിൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. |
| (സി) | സ്ഥലമേറ്റടുക്കലുമായി ബന്ധപ്പെട്ട് ഇനിയുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (സി) | അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയാലുടൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനും തുടർന്ന് അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറാവുന്നതുമാണ്. |
| (ഡി) | ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്ലാൻ ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | പദ്ധതി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ല. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാലാണ് പദ്ധതിക്ക് കാലതാമസം ഉണ്ടായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ